പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 179

# 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 179

# 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 179

# 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 44-ാം വകുപ്പിന്റെ ഭേദഗതി.— 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 3-ാം ആക്റ്റ്), 44-ാം വകുപ്പ് (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) മാനേജ്മെന്റ് കൗൺസിൽ, മാർച്ച് 31-ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെയും, ആഡിറ്റ് റിപ്പോർട്ടിന്റെയും ഒരു പകർപ്പും ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടിയുടെ ഒരു സ്റ്റേറ്റ്മെന്റും സഹിതം തൊട്ടടുത്ത വർഷം മാർച്ച് 1-ാം തീയതിയോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.".

1113/2023.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3-ാം ആക്റ്റ്) 44-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം മാനേജ്മെന്റ് കൗൺസിൽ കണക്കുകളുടെ ഒരു പകർപ്പും റിപ്പോർട്ടും, ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റും സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും സംസ്ഥാന സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സർവ്വകലാശാല വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ പ്രസ്തുത ആക്റ്റിൽ ഇല്ല. സർവ്വകലാശാലയ്ക്ക് വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും സമർപ്പിക്കുന്നതിനുള്ള ഒരു സമയപരിധി, അതായത്, 'തൊട്ടടുത്ത വർഷം മാർച്ച് 1-ാം തീയതിയോ അതിന് മുമ്പോ' എന്ന് നിശ്ചയിച്ച് കൊണ്ടുള്ള വ്യവസ്ഥ ആക്റ്റിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രസ്തുത ആവശ്യത്തിലേക്കായി 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3-ാം ആക്റ്റ്) പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ജെ. ചിഞ്ചുറാണി.

(ശരിത്തർജ്ജമ )

# 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2011-ലെ 3-ാം ആക്റ്റ്)

** ** ** **

44. <u>കണക്കുകളും ആഡിറ്റ് ചെയ്യലും</u>.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകളും ബാലൻസ് ഷീറ്റും വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം ഫൈനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും ഏതു മാർഗ്ഗത്തിൽ കൂടിയാണെങ്കിലും സർവ്വകലാശാലയ്ക്ക് ലഭിക്കുന്നതും സർവ്വകലാശാല സ്വീകരിക്കുന്നതുമായ എല്ലാ പണവും സർവ്വകലാശാല ചെലവഴിച്ചതോ കൊടുത്തതോ ആയ എല്ലാ തുകകളും കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(2) വാർഷിക കണക്കുകളും ബാലൻസ് ഷീറ്റും വൈസ് ചാൻസലർ സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ ആയത് ഇതിനു വേണ്ടി നിയമിക്കാവുന്ന, അങ്ങനെയുള്ള ആളുകളെക്കൊണ്ട് ആഡിറ്റ് ചെയ്യാൻ ഇടയാക്കേണ്ടതുമാണ്. കണക്കുകൾ ആഡിറ്റ് ചെയ്തുകഴിഞ്ഞാലുടനെ അച്ചടിക്കേണ്ടതും വൈസ് ചാൻസലർ അതിന്റെ പകർപ്പുകൾ ആഡിറ്റ് റിപ്പോർട്ടിനൊപ്പം മാനേജ്മെന്റ് കൗൺസിലിനും ചാൻസലർക്കും സമർപ്പിക്കേണ്ടതുമാണ്.

(3) മാനേജ്മെന്റ് കൗൺസിൽ കണക്കുകളുടെ ഒരു പകർപ്പും റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടിൻമേൽ സർവ്വകലാശാല സ്വീകരിച്ച നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റ് സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും സംസ്ഥാന സർക്കാർ അത് നിയമസഭ മുൻപാകെ വയ്ക്കാൻ ഇടയാക്കേണ്ടതുമാണ്.

** ** ** **